## 5

# നീതിമാന്മാരും കഷ്ടത ഏല്ക്കണോ?

## (3:1- 21)

മറ്റാരെങ്കിലും ചെയ്ത തെറ്റ് നിമിത്തം നിങ്ങൾ കഷ്ടത ഏറ്റിട്ടുേണ്ടാ? ഉ െങ്കിൽ, യിരെമ്യാവിനുായ തീവ്ര വേദന നിങ്ങൾക്ക് മനസിലാകും. താൻ ദൈവ ത്തോട് അവിശ്വസ്തനാകാതിരുന്നിട്ടും അവിശ്വസ്തമായ ഒരു ദേശം നിമിത്തം ദൈവം ന്യായവിധി നടത്തിയതുകൊാണ് അവൻ കഷ്ടത ഏല്ക്കേി വന്നത്.

ഓരോ ദിവസവും വർത്തമാന പത്രം എടുത്താൽ നിരപരാധികൾ കഷ്ട പ്പെടുന്നത് വായിക്കുവാൻ കഴിയും. മദ്യപാനിയായ ഒരു ഡ്രൈവർ കാറോടി ച്ചതുകൊ് നിരപരാധിയായ ഒരു കുഞ്ഞ് മരിക്കുകയുായി. നഴ്സറി സ്കൂളിലെ ഒരു കൂട്ടം കുട്ടികൾ ഒരു ഭ്രാന്തന്റെ വെടിവെപ്പുകൊ് മരിച്ചുപോയി. പത്ത്-വ യസ് പ്രായമുള്ള ഇരട്ടകളായിരുന്ന ആൺകുട്ടികളെ അവരുടെ അമ്മയുടെ കാമുകൻ നിരന്തരമായി അടിക്കുന്നു. ഒരാളെ ഉന്നം വെച്ച വെടി ചെന്ന് തറ ച്ചത് നിരപരാധിയായ മറ്റൊരാളെ. ഉത്തരം നൽകുവാൻ പ്രയാസമുള്ള ഒരു ചോദ്യം ഉയർത്തുന്നതാണ് അത്തരം സംഭവങ്ങൾ: "എന്തുകൊ് ദുഷ്ടന്മാർ പുഷ്ടി പ്രാപിക്കയും നീതിമാന്മാർ കഷ്ടപ്പെടുകയും ചെയ്യുന്നു?"

ആ ചോദ്യം യിരെമ്യാവ് ചോദിച്ചിട്ടു്. യെഹൂദ്യയുടെ നാശം ദൂരെ മാറി നിന്നു നോക്കി സഹതപിക്കുന്നവനായിരുന്നില്ല അവൻ. ദൈവജനം കഷ്ടത ഏൽക്കുന്നതോടൊപ്പം അവനും കഷ്ടത അനുഭവിക്കുകയായിരുന്നു, ദൈവ ത്തിന്റെ ന്യായവിധിയുടെ നീതി മനസിലാക്കുവാൻ അവൻ വിഷമിച്ചു. ഒരു സമയത്ത്, അവൻ ദൈവസന്നിധിയിൽ ചെന്ന് ദൈവത്തോട് ചോദ്യം ചെയ്യു വാൻ പോലും തയ്യാറായി, "ദുഷ്ടന്മാരുടെ വഴി ശുഭമായിരിപ്പാൻ സംഗതി എന്ത്? ദ്രോഹം പ്രവർത്തിക്കുന്നവരൊക്കെയും നിർഭയന്മാരായി വസിക്കുന്ന തെന്ത്?" (യിരെമ്യാവ് 12:1).

അതേ കാലയളവിൽ ജീവിച്ച മറ്റൊരു പ്രവാചകനായിരുന്ന ഹബക്കൂക്ക് അതിശയിക്കയുായി, "ദോഷം കുകൂടാതവണ്ണം നിർമ്മലദൃഷ്ടിയുള്ളവനും പീഡനം കാൺമാൻ കഴിയാത്തവനുമായുള്ളോവേ, ദ്രോഹം പ്രവർത്തിക്കു ന്നവരെ നീ വെറുതെ നോക്കുന്നതും ദുഷ്ടൻ തന്നിലും നീതിമാനായവനെ വിഴുങ്ങുമ്പോൾ നീ മിാതിരിക്കുന്നതും എന്ത്?" (ഹബക്കൂക്ക് 1:13). യെഹൂ ദ്യയെ ശിക്ഷിക്കുവാൻ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ബാബേലിനെപേ ാലെ ഒരു ദേശത്തെ ദൈവം ആക്കുന്നതിന്റെ ഔചിത്വത്തെ അവൻ മനസി ലാക്കുവാൻ ശ്രമിക്കുകയായിരുന്നു. എല്ലാ ഉത്തരങ്ങളും നമുക്ക് അറിയു കയില്ല എന്നത് ദൈവത്തിന്റെ മാഹാത്മ്യത്തെ ഉയർത്തുകയാണ്. അവന്റെ വഴികളെല്ലാം നമുക്ക് മനസിലാക്കുവാൻ കഴിഞ്ഞെന്നുവരികയില്ല, പക്ഷെ ഹബക്കൂക്ക് അവസാനം ചെയ്തതുപോലെ, അവന്റെ മഹാ ജ്ഞാനത്തെ സമ്മതിച്ച് അവനെ വാഴ്ത്തുവാൻ നമുക്ക് കഴിയും:

> അത്തിവൃക്ഷം തളിർക്കുകയില്ല, മുന്തിരിവള്ളിയിൽ അനുഭവം ഉാക യില്ല, ഒലിവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായിപോകും, നിലങ്ങൾ ആഹാരം വിളയിക്കയില്ല. ആട്ടിൻകൂട്ടം തൊഴുത്തിൽനിന്നു നശിച്ചുപേ ാകും, ഗോശാലകളിൽ കന്നുകാലികൾ ഉായിരിക്കയില്ല, എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചു ല്ലസിക്കും. യഹോവയായ കർത്താവ് എന്റെ ബലം ആകുന്നു, അവൻ എന്റെ കാൽ പേടമാൻ കാൽപോലെ ആക്കുന്നു, ഉന്നതികളിന്മേൽ എന്നെ നടക്കുമാറാക്കുന്നു. ... (ഹബക്കൂക്ക് 3:17-19).

നമുക്ക് എല്ലാ ഉത്തരങ്ങളും അറിയുകയില്ലെങ്കിലും, അവ പ്രവർത്തിക്കു ന്നവനിൽ നമുക്ക് ആശ്രയിക്കാം. യെഹൂദ്യയെ നശിപ്പിച്ചപ്പോൾ അവന് കഷ്ട തയും, തീവ്രവേദന ഉായിട്ടും യിരെമ്യാവ് ചെയ്തത് അതാണ്.

**വേദനക്ക് അഗ്രേഗമിക്കുന്നത് വിജയം**

അദ്ധ്യായം 3 ലെ വിവരണങ്ങളും ദൃഷ്ടാന്തങ്ങളും വ്യക്തമായി വരച്ചു കാണിക്കുന്നത് യിരെമ്യാവിന്റെ വ്യക്തിപരമായ വേദനയെ ആണ്.

> ഞാൻ അവന്റെ കോപത്തിന്റെ അടികൊ് കഷ്ടം ക പുരുഷനാ കുന്നു, ഞാൻ എന്നെ വെളിച്ചത്തിലല്ല, ഇരുട്ടിലത്രേ നടത്തിക്കൊ് പേ ാന്നിരിക്കുന്നത്. അതെ, അവൻ ഇടവിടാതെ പിന്നെയും പിന്നെയും തന്റെ കൈ എന്റെ നേരെ തിരിക്കുന്നു. എന്റെ മാംസത്തെയും ത്വക്കി നേയും അവൻ ജീർണ്ണമാക്കി, എന്റെ അസ്ഥികളെ തകർത്തിരിക്കുന്നു. അവൻ എന്റെ നേരെ പണിതു, നഞ്ചും പ്രയാസവും എന്നെ ചുറ്റുമാറാ ക്കിയിരിക്കുന്നു. ശാശ്വതമൃതന്മാരെപോലെ അവൻ എന്നെ ഇരുട്ടിൽ പ ാർപ്പിച്ചിരിക്കുന്നു. പുറത്തുപോകുവാൻ കഴിയാതവണ്ണം അവൻ എന്നെ വേലികെട്ടിയടച്ചു. എന്റെ ചങ്ങലയെ ഭാരമാക്കിയിരിക്കുന്നു. ഞാൻ കൂകി നിലവിളിച്ചാലും അവൻ എന്റെ പ്രാർത്ഥന തടുത്തുകളയുന്നു. വെട്ടുകല്ലുകൊ് അവൻ എന്റെ വഴി അടച്ചു, എന്റെ പാതകളെ വികട മാക്കിയിരിക്കുന്നു. അവൻ എനിക്ക് പതിയിരിക്കുന്ന കരടിയെപോലെ യും, മറഞ്ഞുനിൽക്കുന്ന സിംഹത്തെ പോലെയും ആകുന്നു. അവൻ എന്റെ വഴികളെ തെറ്റിച്ചു കടിച്ചുകീറി ശൂന്യമാക്കിയിരിക്കുന്നു. അവൻ വില്ലു കുലച്ച് എന്നെ അമ്പിന്ന് ലാക്കാക്കിയിരിക്കുന്നു. അവൻ എന്റെ പൂണിയിലെ അമ്പുകൾ എന്റെ അന്തരംഗങ്ങളിൽ തറെപ്പിച്ചിരിക്കുന്നു. ഞാൻ എന്റെ സർവ്വജനത്തിനും പരിഹാസവും ഇടവിടാതെ അവരുടെ പാട്ടും ആയിതീർന്നിരിക്കുന്നു. അവൻ എന്നെ കൈപ്പു കൊു നിറച്ചു. കാഞ്ഞിരം കൊു മത്തു പിടിപ്പിച്ചിരിക്കുന്നു. അവൻ കല്ലുകൊു എന്റെ പല്ലു തകർത്തു, എന്നെ വെണ്ണീരിൽ ഇട്ടുമിരിക്കുന്നു. നീ എന്റെ പ്ര ാണനെ സമാധാനത്തിൽ നിന്നു നീക്കി; ഞാൻ സുഖം മറന്നിരിക്കുന്നു. "എന്റെ മഹത്വം യഹോവയിങ്കലുള്ള എന്റെ പ്രത്യാശയും പൊയ്പേ ായല്ലോ എന്നു ഞാൻ പറഞ്ഞു" (3:1-18).

*വേദന സൗഖ്യത്തിന് നമ്മെ ഒരുക്കുന്നു.* "ഞാൻ ..." എന്ന പ്രസ്താവന (വാ.1) ഉറപ്പിക്കുന്നത് യെഹൂദ്യയുടെ വേദന വിവരിക്കുവാൻ യോജിച്ചവനായി

രുന്നു യിരെമ്യാവ് എന്നാണ്. വ്യക്തിപരമായ അനുഭവത്തിൽനിന്നാണ് അവൻ സംസാരിച്ചത്. രാംകിട വിവരങ്ങളെ ആസ്പദമാക്കിയല്ല അവൻ എഴുതിയത്. ഓരോ വേദനയും വ്യക്തിപരമായി അവനു തോന്നിയതാണ്. ഒരു അപ്പൻ മകനെ ശിക്ഷിക്കുന്ന മുഴുവൻ ശക്തിയോടെ ദൈവത്തിന്റെ കോപത്താലുള്ള കഷ്ടത അവൻ കതായിട്ടാണ് വിവരിച്ചത്.

വിലാപങ്ങൾ 1 ലും 2 ലും, യെഹൂദ്യയുടേയും യെരുശലേമിന്റേയും വേദനയാണ് യിരെമ്യാവ് ശ്രദ്ധിച്ചത്. അദ്ധ്യായം 3-ൽ അവൻ തന്റെ സ്വന്ത വേദനയിലാണ് ശ്രദ്ധിച്ചിരിക്കുന്നത്. ദേശത്തിന്റെ പ്രതിനിധിയായിട്ടാണോ അതോ തന്റെ സ്വന്ത വേദനയായിട്ടാണോ യിരെമ്യാവ് സംസാരിക്കുന്നതെന്ന് നമുക്ക് തീർച്ചയില്ല. ദേശത്തിന്റെ വേദനയും കഷ്ടതയും തന്റേയും കൂടെ വേദനയാകയാൽ, തന്റെ അനുഭവ വാക്കുകളാൽ ദേശത്തിനുവേി സംസാരിച്ചതാകാം.[1] ചാൾസ് സ്വിന്റൽ സൂചിപ്പിച്ചതുപോലെ, തീവ്രവേദനയുാകുന്ന സമയത്ത്, "നാം നമ്മുടെ കുഴപ്പങ്ങളെ കുറിച്ചായിരിക്കും അധികവും ചിന്തിക്കുക."[2]

യിരെമ്യാവിന്റെ വ്യക്തിപരമായ വേദനകൾ പ്രയോഗിക്കുന്നത് നമ്മെ ഇയ്യോബിന്റെ വിവരണത്തെ ഓർപ്പിക്കുന്നു. സന്ദർഭം മുഴുവൻ നാം വായിച്ചില്ലെങ്കിൽ, ദൈവം നീതിരഹിതമായി തന്നോട് പ്രവർത്തിക്കുന്നു എന്ന ആരോപണം ഉന്നയിക്കുന്നതായി നമുക്ക് തോന്നിപ്പോകും. വാസ്തവത്തിൽ, അവൻ ദേശത്തിന്റേയം തന്റേയും വേദനയും, ദൈവത്തെ വിളിച്ചപേക്ഷിക്കേിന്റെ ആവശ്യകതയും ദൈവത്തോട് അറിയിക്കുകയും അവനോട് ഇടപെടുവാൻ ആവശ്യപ്പെടുകയുമാണ് ചെയ്യുന്നത്. 1 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ സൂചിപ്പിച്ച അത്യുച്ചത്തിലുള്ള വിലാപത്തിന് ആശ്വാസം കിട്ടിയിട്ടില്ല. തന്റേതായ സമയത്ത് ദൈവം തന്റെ ജനത്തെ വിടുവിക്കുമെന്ന് യിരെമ്യാവിന് അറിയാമായിരുന്നു; ആ സമയത്തിനുവേി ഒരുങ്ങുവാൻ അവർക്ക് കഷ്ടത അനിവാര്യമായിരുന്നു. വേദനക്ക് മുമ്പ് തന്നെ സഹായിച്ചാൽ അത് നിസാരമായ ഒന്നായിത്തീരും. നാം മനുഷ്യരായതുകൊ്, കിണറ്റിലെ വെള്ളം വറ്റുന്നതുവരെ നാം വെള്ളത്തിന്റെ ഉറവിടത്തെ അനുമോദിക്കുകയേയില്ല. എളുപ്പത്തിൽ വേറെ വെള്ളം കിട്ടുവാനുള്ള മാർഗമുങ്കെിലും നാം ആദ്യം ലഭിച്ചതിനെ അനുമോദിക്കുകയില്ല!

വേദനയും കഷ്ടതയും പൊതുവിൽ ദൈവത്തിന് മാത്രമെ സൗഖ്യമാക്കുവാൻ കഴിയു എന്നാണ് വെളിപ്പെടുത്തുന്നത്. നമുക്ക് ആവശ്യമായ സഹായത്തിന് ദൈവത്തിങ്കലേക്ക് നോക്കുവാൻ നമ്മെ പഠിപ്പിക്കുന്നതിനാണ് നമുക്ക് ദൈവം തരുന്ന വേദന. ദേശത്തിന്റെ കഷ്ടത, തന്റെ സ്വന്തം കഷ്ടയെന്നവണ്ണമാണ് യിരെമ്യാവ് ആ രംഗം വിവരിക്കുന്നത്.

*വെളിച്ചത്തിനുവേി നമ്മെ ഒരുക്കുന്നതാണ് ഇരുട്ട്.* എഴുത്തുകാരൻ ഇരുട്ട് ഉപയോഗിച്ചിരിക്കുന്നത് (വാ.2, 6) ദൈവം തനിക്ക് നൽകിയ പരിതസ്ഥിതിയെ വിവരിക്കുന്നതിനാണ്. അവൻ ജീവിതത്തിന്റെ ഇരു വശത്തുകൂടെ നടന്ന്, പാപത്തിന്റെ അഴുക്കും ദുർഗന്ധവും മനസിലാക്കുവാൻ നിർബ്ബന്ധിതനായി. വെളിച്ചം ഒട്ടുമില്ലാതെ, വീർപ്പുമുട്ടിക്കുന്ന ഇരുട്ടായിരുന്നു അത്. മരിച്ച ഒരാളെ അടക്കം ചെയ്ത് ദീർഘനാളുകളായ കല്ലറയിലെ ഇരുട്ടുപോലെയാണ് അത്.

*ദൈവസഹായത്തിന് നമ്മെ ഒരുക്കുന്നതാണ് ദൈവത്തിന്റെ ശിക്ഷ.* ഓരോ ദിവസവും പലപ്രാവശ്യം ദൈവത്തിന്റെ കരം തനിക്ക് പുറന്തിരിഞ്ഞിരിക്കുന്നതായി യിരെമ്യാവ് മനസിലാക്കി (വാ.3). സാധാരണ, അപകടകരമായ വഴിയിൽ ഒരു കുട്ടി തന്നോടുകൂടെയുള്ള പ്രായപൂർത്തിയായ ഒരാളുടെ

കൈപിടിച്ചു നടക്കുന്നതുപോലെ, അവൻ ദൈവത്തിന്റെ കൈപിടിച്ചാണ് നടന്നിരുന്നത്. എങ്ങനെയായാലും, ഈ സാഹചര്യത്തിൽ, ദൈവം കൈ പിൻവലിക്കുക മാത്രമല്ല, വഴി തടയുക കൂടെ ചെയ്തിരിക്കുന്നു എന്നാണ് യിരെമ്യാവിനു തോന്നിയത്.

യെരുശലേമിനെ ഉപരോധിച്ച കാലത്ത്, യെഹൂദ്യയിലെ മറ്റ് ആളുകളെ പോലെ, യിരെമ്യാവും വയസിനേക്കാൾ പ്രായം തോന്നിക്കുവാൻ തുടങ്ങി (വാ.4, 5). ആഹാരവും വെള്ളവും കുറഞ്ഞതുകൊ്, അവന്റെ മാംസം ചുക്കി ചുളുങ്ങുകയും, ചർമ്മനിർമ്മിതമാകുകയും ചെയ്തു. പ്രായം ചെന്ന ഒരാളുടെ ചർമ്മം ചുരുങ്ങിയതുപോലെയായി അവന്റെ ത്വക്ക്. പ്രയാസവും ക്ഷീണവും അവനെ ബാധിച്ചിരുന്നു.

*ദൈവത്തിന്റെ പുറം നോക്കുന്നത് അവന്റെ മുഖം കാണുന്നതിനു നമ്മെ ഒരുക്കും.* ബാബേൽ സൈന്യം യെരുശലേമിനെ ഉപരോധിച്ചപ്പോൾ പ്രവാചകനുായ ദുർഘടാവസ്ഥയെയോ അല്ലെങ്കിൽ തുറുങ്കലിൽ തനിക്കുായ വ്യക്തിപരമായ അനുഭവത്തെയോ ആയിരിക്കാം വാക്യം 7 മുതൽ 9 വരെ വിവരിക്കുന്നത്. വലിയ പാറമടയിലെ കല്ലുകൾക്കിടയിൽ, വലിയ തടസം നേരിട്ട്, ചങ്ങലയാൽ ബന്ധിതനായി, വേലിക്കകത്തായിരുന്നു അവൻ. അവൻ എത്ര നിലവിളിച്ചിട്ടും, യാചിച്ചിട്ടും, ദൈവം അവനെ ശ്രദ്ധിക്കുന്നതായി തോന്നിയില്ല. അവൻ സ്പഷ്ടമായും തന്റെ ജനത്തിൽനിന്നും, പ്രവാചകനിൽനിന്നും പുറന്തിരിഞ്ഞുകളഞ്ഞു.

അവന് പിന്തുണയും, ശക്തിയും, അവന്ന് കല്പന കൊടുത്തിരുന്ന അവന്റെ സൈന്യാധിപനും ദൈവമായിരുന്നു. അനുസരിക്കുന്നതിന് വിഷമകരമായതാണെങ്കിൽ പോലും, യിരെമ്യാവ് എല്ലായ്പോഴും അനുസരിക്കുവാൻ ശ്രമിച്ചിരുന്നു. ഇപ്പോൾ, അവനെ കടിച്ചു കീറുവാൻ പതിയിരിക്കുന്ന കരടിയേയും സിംഹത്തേയും പോലെ ആയിരിക്കുന്നു ദൈവം എന്ന് അവന്ന് തോന്നിയിരിക്കുന്നു. ദൈവം തന്റെ നേർക്ക് ഉന്നം വെച്ച് അമ്പെയ്യുവാൻ ഒരുങ്ങിയിരിക്കുന്നതായി അവന് തോന്നി (വാ.10-13).

*മറ്റുള്ളവരാൽ നാം ലജ്ജിക്കപ്പെടുമ്പോഴും പരിഹസിക്കപ്പെടുമ്പോഴും ദൈവസ്വീകാര്യതക്ക് നമ്മെ ഒരുക്കുന്നു.* യിരെമ്യാവിന്റെ ആളുകൾ തന്നെ അവനെ പരിഹസിക്കുകയും, പരിഹാസ്യപാട്ടുകൾ അവനെ കുറിച്ച് ഉാക്കി പാടുകയും ചെയ്തു. ഒരു ചെടിയിൽനിന്നുാകുന്ന തുളച്ചുകയറുന്ന ഗന്ധമുള്ള കയ്പുനീർ കുടിക്കുന്നതുപോലെ കയ്പുള്ള അനുഭവമായിട്ടായിരുന്നു അവന് തോന്നിയത് (വാ.14, 15).

*ദൈവത്തിന്റെ നിറവിന് വേി ഒരുക്കുന്നതാണ് ദൈവത്തിനു വേിയുള്ള വിശപ്പ്.* യിരെമ്യാവിന്റെ കഷ്ടതയുടെ തീവ്രത വിവരിക്കുകയാണ് വാക്യം 16 മുതൽ 18 വരെ. പട്ടിണി കിടക്കുന്ന ആൾ, ഈർച്ചപ്പൊടിയോ, ഉണക്കപ്പുല്ലോ, അല്ലെങ്കിൽ മണ്ണുപോലും തിന്നുപോകും. അവനെ കൽതുറുങ്കിലടച്ചിരുന്നപ്പോൾ വിശപ്പ് സഹിക്കുവാൻ കഴിയാതെ, കല്ലുകൾ കലർന്ന മണ്ണ് തിന്നിരുന്നോ? ഒരുപക്ഷെ അവൻ തടവിലായിരുന്നപ്പോൾ അവന് അപ്പവും വെള്ളവും മാത്രമെ കിട്ടിക്കാണുകയുള്ളു (യിരെമ്യാവ് 37:21), അപ്പം അവൻ കിടന്നിരുന്ന മണ്ണും ചളിയുമുള്ള തറയിലേക്ക് എറിഞ്ഞുകൊടുക്കുമായിരുന്നു, അത് അങ്ങനെയായിരുന്നുവെങ്കിൽ, അവൻ സ്പഷ്ടമായും, മണ്ണും കല്ലും കലർന്ന അപ്പം, വായിലിട്ട് ചവച്ചരച്ച് തിന്നുകാണും. പൂഴിയും ചാരവും നിറഞ്ഞ സ്ഥലത്ത് ഇരിക്കുന്നതു സൂചിപ്പിക്കുന്നത്, താഴുകയും നുറുങ്ങുകയും

ചെയ്തിരുന്നു എന്നാണ്.

എല്ലാവരും ആഗ്രഹിക്കുന്നതും, ആവശ്യമുള്ളതുമായ നാല് കാര്യങ്ങൾ - സമാധാനം, സമൃദ്ധി, പ്രത്യാശ അല്ലെങ്കിൽ ശക്തി അവന് അന്യമായി തീർന്നിരുന്നു. കർത്താവ് അയച്ച നാശത്തിൽ അവയെല്ലാം പൊയ്പോയിരുന്നു. പ്രത്യാശ നഷ്ടമായത് സഹിക്കുവാൻ പ്രയാസമായിരുന്നു. ഭാവിയിൽ ഒരു പ്രത്യാശാകിരണം കാണുകയാണെങ്കിൽ, ഒരാൾക്ക് തൽക്കാലം മറ്റു മൂന്നുമില്ലെങ്കിലും ജീവിക്കാം. തുരങ്കത്തിന്റെ അവസാനം ലഭിക്കുമെന്ന പ്രത്യാശയാണ് വെളിച്ചം. പ്രത്യാശയുങ്കെിൽ, സമാധാനത്തിനും, സമൃദ്ധിക്കും, ശക്തിക്കും കാത്തിരിക്കാം. യെഹൂദാ ദേശത്തിന്റെ പ്രത്യാശയില്ലായ്മ നാശത്തിന്റെ മേഘം തൂങ്ങിയിറങ്ങുന്നതുപോലെയായിരുന്നു.

### പ്രത്യാശ മുന്നേറുന്നു

യിരെമ്യാവ് തന്റെ വേദന വരക്കുമ്പോൾ, അവന്റെ ശക്തിയും പ്രത്യാശയും പോയി എന്നു തോന്നിയപ്പോൾ, മേഘത്തെ കീറിമുറിച്ച് സൂര്യകിരണം വരുന്നതുപോലെ പ്രത്യാശ മുന്നേറുന്നതായി അവൻ കു: "നീ എന്റെ കഷ്ടതയും അരിഷ്ടതയും കാഞ്ഞിരവും കയ്പും ഓർക്കേണമേ, എന്റെ പ്രാണൻ എന്റെ ഉള്ളിൽ എപ്പോഴും അവയെ ഓർത്ത് ഉരുകിയിരിക്കുന്നു. ഇതു ഞാൻ ഓർക്കും, അതുകെ് ഞാൻ പ്രത്യാശിക്കും" (3:19-21).

അവൻ എങ്ങനെയാണ് പ്രത്യാശ കത്തെിയത്? അവൻ ദൈവത്തെ ഓർത്തു. യഹോവയുടെ നാമം ഉച്ചരിക്കേിന് അവന്റെ ഓർമ്മയിലേക്ക് ആ നാമം എത്തി. അവൻ തന്റെ കാര്യം, കരഞ്ഞുകെ് ദൈവത്തിൽ ഏൽപ്പിച്ചു, "എന്റെ കഷ്ടതയും, കയ്പും, കാഞ്ഞിരവും ഓർക്കേണമേ." അവന്റെ വേദന തീവ്രമായിരുന്നപ്പോഴും, അവന്റെ വഴി തടഞ്ഞപ്പോഴും, അവൻ ദൈവത്തെ ഓർക്കുകയും അവനെ നമസ്ക്കരിക്കയും ചെയ്തു.

ദൈവത്തിൽ എപ്പോഴും പ്രത്യാശയു്. യഹോവയെ കുറിച്ചുള്ള ഓർമ്മ യിരെമ്യാവിന്റെ ഉള്ളിൽ പ്രത്യാശയുടെ ജ്വാല ഉയരുവാൻ തുടങ്ങി. കേടു തീർക്കുന്നതുവരെ ജീവിതത്തോണി തുഴയുവാൻ പ്രത്യാശ അവന് ഒരു പങ്കായമായിതീർന്നു.

---

### സന്ദേശം എന്താണ്?

നിങ്ങൾ എപ്പോഴെങ്കിലും പ്രത്യാശയില്ലാതെ കഷ്ടതയിലായിട്ടുോ? നിങ്ങൾ പ്രിയപ്പെടുന്ന ആരുടെയെങ്കിലും കഷ്ടത നിമിത്തം നിങ്ങൾ പ്രത്യാശ അറ്റുപോയ നിലയിൽ വേദന അനുഭവിക്കേി വന്നിട്ടുോ? നിരപരാധി കഷ്ടതയേൽക്കുന്നതിന്റെ നീതിയെ നിങ്ങൾ ചോദ്യം ചെയ്തിട്ടുോ?

വേദനയുടെ പരിഹാരത്തിനും അന്തരീക്ഷത്തിൽ പ്രത്യാശ തെളിയുന്നതിനും യിരെമ്യാവ് രു കാര്യങ്ങൾ ചെയ്തു. ആദ്യം, തന്റെ ദുഃഖം പ്രകടിപ്പിച്ചു. ദുഃഖത്തെ അതിജീവിക്കുന്നതിന് അതിനെക്കുറിച്ച് സംസാരിക്കുന്നതടക്കം, പത്തുപടികൾ ഉള്ള ഒരു ബാഹ്യരൂപരേഖ, അതു പ്രകടിപ്പിക്കുന്നതിന്,ഡോ.ബിൽ ഫ്ളാറ്റ് തയ്യാറാക്കിയിട്ടു്.[3] അദ്ധ്യായം 3 ന്റെ ആദ്യത്തെ പതിനെട്ടു വാക്യങ്ങളിൽ, യിരെമ്യാവ് തന്റെ ദുഃഖം വെളിപ്പെടുത്തി. ശത്രുതയും കയ്പും നമുക്ക് എങ്ങനെ അനുഭവപ്പെട്ടു എന്ന് ഒരു സ്നേഹിതനോടോ, അല്ലെങ്കിൽ ഒരു പരിശീലകനോടോ പറയുന്നതുപോലെയായിരുന്നു അത്.

ഒരിക്കൽ അത് വഴിയിൽനിന്ന് മാറിയാൽ, ദൂരെ ചക്രവാളത്തിൽ പ്രതിവിധി യുടെ കിരണങ്ങൾ കാണാം.

കഷ്ടതയിൽകൂടെ കടന്നുപോകുന്ന ഒരു വ്യക്തിയെ നിങ്ങൾ സഹാ യിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ, ആദ്യം നിങ്ങൾ അയാളെ ശ്രദ്ധിക്കുക യാണ് വേത്. അയാളുടെ വികാരങ്ങൾ പ്രകടിപ്പിക്കുവാൻ അനുവദിക്കുക. പ ലപ്പോഴും, അയാളോട് സഹതാപം കാണിക്കുകയും, അയാളെ സ്നേഹിക്കു കയും ചെയ്യുന്നതൊഴിച്ച് മറ്റൊന്നും പറയാതിരിക്കുന്നതാണ് നല്ലത്.

രാമത്, യിരെമ്യാവ് തന്റെ വേദന ദൈവത്തിൽ ഏൽപിച്ചു. ദൈവം എല്ലാ യ്പോഴും സന്നിഹിതനാണെന്ന് അവൻ ഓർത്തു. കഷ്ടത തനിച്ചായിരുന്നു കാരണം വളരെ കുറച്ച് പേർക്കേ മനസിലായുള്ളു. മനസിലാക്കുവാൻ കഴി വുള്ള ഒരാൾ നമുക്ക് ഉ്. ഏതൊരാൾക്കും അനുഭവിക്കുവാനിടയുള്ള വേദന യും ഏകാന്തതയും അവന് അനുഭവിക്കേി വന്നിട്ടു്. "താൻ തന്നെ പരീക്ഷിതന ായി കഷ്ടം അനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു" (എബ്രായർ 2:18). എബ്രായർ 4:16 നമ്മെ ക്ഷണിക്കു ന്നു, അതുകൊ്, "കരുണ ലഭിപ്പാനും, തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക."

ദൈവം ഭൗതികജീവിതത്തേക്കാളധികം നിത്യമായ ആത്മാവിനെയാണ് കരുതുന്നത്. കഷ്ടതയെ കുറിച്ചുള്ള അവന്റെ ആലോചന തന്റെ വചനത്തിൽ നൽകിയിട്ടു്:

> എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധപരീക്ഷകളിൽ അകപ്പെടു മ്പോൾ, നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ. എന്നാൽ ന ിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേതിന് സ്ഥിരതക്ക് തികഞ്ഞ പ്രവൃത്തി ഉാകട്ടെ (യാക്കൊബ് 1:2-4).

നമ്മെ തികഞ്ഞവരും പൂർണ്ണരുമാക്കുന്ന നിത്യവില ഉളവാക്കുന്നതാണ്, പ രിശോധനയും, പരീക്ഷണവും, കഷ്ടതയും. ഒരുപക്ഷെ അതുകൊായിരിക്കാം നമുക്ക് ക്രിസ്തുവിന്റെ കഷ്ടത തിരിച്ചറിയുവാനും, അതു നമ്മെ ദൈവസന്നി ധിൽ തികഞ്ഞവരും പൂർണ്ണരുമാക്കുന്നതും. ക്രിസ്ത്യാനികളായി തീർന്നുകൊ്, നാം അവന്റെ കഷ്ടതയിൽ പങ്കുചേരുവാൻ തീരുമാനിച്ചു.

നമുക്ക് ഉടനെ കാണുവാൻ സാധ്യമല്ലെങ്കിലും, നിരപരാധികൾ കഷ്ട പ്പെട്ടാലും വെറുതെയാകുകയില്ല. നമ്മുടെ തെറ്റുകൾ നിമിത്തം നാം കഷ്ടത ഏല്ക്കുന്നതൊഴിച്ച്, മറ്റു വേദനകളും കഷ്ടതകളും നാം തടയുകയാണെ ങ്കിൽ, പരിശോധനക്കും പരീക്ഷണത്തിനും ഉള്ള അടുത്ത യുദ്ധത്തിന് നാം പ്രാപ്തരാകുകയില്ല.

ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്, താൻ എന്തു ചെയ്യുന്നുവെന്ന് അവന് നന്നായി അറിയാം. ദൈവം എത്രമാത്രം കരുതുന്നു എന്നറിയാവു ന്നവൻ പറഞ്ഞു, "അതുകൊ്, അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തു വാൻ, ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ. അവൻ ന ിങ്ങൾക്കായി കരുതുന്നവനാകയാൽ, നിങ്ങളുടെ സകല ചിന്താകുലവും അവ ന്റെമേൽ ഇട്ടുകൊൾവിൻ" (1 പത്രൊസ് 5:6, 7). നാം കഷ്ടമേൽക്കുമ്പോൾ, ഒരാൾ ചാരുവാനുള്ളപ്പോൾ കഷ്ടമേൽക്കുന്നതെന്തിനാണെന്ന് അറിയേ

ആവശ്യം നമുക്ക് ഇല്ല.

കുറിപ്പുകൾ

[1]ജെയിംസ് ഈ. സ്മിത്ത്, *ജെരമ്യ ആന്റ് ലെമന്റേഷൻസ്,* ബൈബിൾ സ്റ്റഡി ടെക്സ്റ്റ്ബുക്ക് സീരീസ് (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1974), 879. [2]ചാൾസ് ആർ. സ്വിന്റൽ, *ദ ലമെന്റേഷൻസ് ഓഫ് ജെരെമ്യ* (വാക്കൊ, ടെക്സ്.: ഇൻസൈറ്റ് ഫോർ ലിവിങ്ങ്, 1986), 27. [3]ബിൽ ഡബ്ലിയു. ഫ്ളാറ്റ്, *ഫ്രം വറി ടു ഹാപ്പിനെസ്* (നാഷ്വിലേ: ക്രിസ്റ്റ്യൻ കമ്മ്യൂണിക്കേഷൻസ്, 1979), 80-82.